Sanchaya New build release note

Version-2.3.7

Date-28/02/2025

Modifications-

1. ***GO 115/2024/LSGD feature added*** *(60* SqM വരെ വിസ്തീർണ്ണമുള്ളതും സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതുമായ വാസഗൃഹങ്ങൾ യു എ നമ്പർ ആണെങ്കിലും മൂന്നിരട്ടി വസ്തുനികുതി വരാത്ത രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.)

- GO 115/2024/LSGD പ്രകാരം 60 ച മീ വിസ്തീർണ്ണമുള്ളതും സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതുമായ വാസഗൃഹങ്ങൾക്ക് യു എ നമ്പർ ആണെങ്കിലും മൂന്നിരട്ടി വസ്തു നികുതി വരാത്ത രീതിയിൽ അസ്സെസ്സ് ചെയ്യുന്നതിനുള്ള സൌകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഒരു പുതിയ നിയമാനുസൃതമല്ലാത്ത കെട്ടിടം അസ്സെസ്സ് ചെയ്യുമ്പോഴും, നിലവിൽ നിയമാനുസൃതമായ കെട്ടിടം നിയമാനുസൃതമല്ലാതാക്കി മാറ്റുമ്പോഴും ഇത്തരത്തിൽ വാലിഡേഷൻ അപ്പ്ലൈ ചെയ്തിട്ടുണ്ട്.

Operator Login

Request->New Building Form 6

Request-> Authorized to Unauthorized

- പുതിയതായി നിയമാനുസൃതമല്ലാത്ത 60 ച മീ വിസ്തീർണ്ണത്തിന് അകത്തുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം അസ്സെസ്സ് ചെയ്യുമ്പോൾ അത് സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതാണോ എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇങ്ങനെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടമാണെന്ന് രേഖപ്പെടുത്തുന്ന കെട്ടിടങ്ങൾക്കാണ് വസ്തു നികുതിയുടെ മൂന്നിരട്ടി വരാത്ത രീതിയിൽ ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത കെട്ടിടം നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടെങ്കിൽ അത് ഫോം 6 എന്റർ ചെയ്യുന്ന സമയത്ത് തന്നെ Exemption Type സഹിതം രേഖപ്പെടുത്തി നൽകേണ്ടതാണ്. ഇങ്ങനെ Exemption രേഖപ്പെടുത്താതെ പോകുകയാണെങ്കിൽ ആ കെട്ടിടത്തിന് നിയമാനുസൃതമായിരുന്നുവെങ്കിൽ വരുന്ന നികുതി അടയ്ക്കേണ്ടതായി വരും.

- നിലവിൽ നിയമാനുസൃതമായ 60 ച മീ വിസ്തീർണ്ണത്തിന് അകത്തുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനെ നിയമാനുസൃതമല്ലാത്ത കെട്ടിടമാക്കി മാറ്റുന്ന ഫയൽ പ്രോസസ്സിലും അത് സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതാണോ എന്ന് രേഖപ്പെടുത്തുന്നതിനുള്ള സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടമാണെന്ന് രേഖപ്പെടുത്തിയിട്ടുള്ള ഈ കാറ്റഗറിയിൽ വരുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ മൂന്നിരട്ടി വരാത്ത രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

- ഓപ്പറേറ്റർ ലോഗിനിൽ നിന്നും ഇങ്ങനെ അസ്സെസ്സ് ചെയ്ത് ഫോർവേഡ് ചെയ്യുന്ന കെട്ടിടങ്ങൾ വേരിഫയർ വേരിഫിക്കേഷന് ശേഷം അപ്പ്രൂവർക്ക് അയയ്ക്കുകയും അപ്പ്രൂവർ കെട്ടിടം അപ്പ്രൂവ് ചെയ്ത് ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2. Discrepancy Report enabled in Approver login

- ഗ്രാമപഞ്ചായത്തിലെ സഞ്ചയ ഡാറ്റ 2025 ഏപ്രിൽ മുതൽ KSMART ആപ്ലിക്കേഷനിലേക്ക് മൈഗ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന് മുമ്പായി നിലവിൽ സഞ്ചയ ഡാറ്റബേസിലുള്ള ഡാറ്റ ഡിസ്ക്രിപ്പൻസി പരിഹരിക്കേണ്ടതായിട്ടുണ്ട്. ഇതിലേക്കായി സഞ്ചയയിലെ അപ്പ്രൂവർ ലോഗിനിൽ Discrepancy റിപ്പോർട്ട് ഇനേബിൾ ആക്കിയിട്ടുണ്ട്. അതാത് പഞ്ചായത്തുകളുടെ Discrepancy പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

Sanchaya Support Team, IKM.